മാർച്ച് 2010 വാല്യം 3 ലക്കം 2

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY

സ്വകാര്യ പ്രചരണത്തിനു മാത്രം

ഈ ലക്കത്തിലെ ഉള്ളടക്കം

മാസ്റ്ററുടെ യാത്രകൾ. . . . . . . . . . . . . . . . . പേജ് 1–4
അറിയിപ്പുകൾ. . . . . . . . . . . . . . . . . . . . . . . . പേജ് 5
സോണൽ തല പ്രവർത്തനങ്ങൾ. . . . . . . . . . .പേജ് 6–9
പ്രകാശകേന്ദ്രം. . . . . . . . . . . . . . . . . . . . . . . .പേജ് 10



# മാസ്റ്ററുടെ യാത്രകൾ

## രുദ്രാപ്പൂർ, ഹൽദ്വാനി

ജനുവരി 16–ാം തിയ്യതി ഡൽഹിയിൽ നിന്നും മുറാദാബാദ് വഴി ദീർഘദൂരം സഞ്ചരിച്ച് മാസ്റ്റർ രുദ്രാപ്പൂരിൽ എത്തിച്ചേർന്നു. മഞ്ഞ്മൂടിയ റോഡിലൂടെയായിരുന്നു ആ യാത്ര. എത്തിച്ചേർന്ന ഉടനെ തന്നെ അദ്ദേഹം സത്സംഗം നടത്തി.

17–ാം തിയ്യതി രാവിലെ സത്സംഗം നടത്തിയിട്ട് പ്രാതലിനു ശേഷം അദ്ദേഹം ഹൽദ്വാനിയിൽ ആശ്രമവും അഭ്യാസി കോളനിയും നിർമ്മിക്കാനായ് അടുത്ത കാലത്ത് വാങ്ങിയ സ്ഥലത്തേക്ക് യാത്ര തിരിച്ചു. ആശ്രമം നിർമ്മിക്കാനുദ്ദേശിക്കുന്ന 2.25 ഏക്കർ സ്ഥലം ഹൽദ്വാനി പട്ടണത്തിൽ നിന്നും ഏകദേശം 5 കി.മീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്.

ഇതിനോടനുബന്ധിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന 6.5 ഏക്കറോളം വരുന്ന അഭ്യാസി കോളനിയുടെ പേര് 'സഹജപുരം' എന്നാണ്. പ്രസാദമർപ്പിച്ച ശേഷം മാസ്റ്റർ ഭൂമിപൂജ നടത്തുകയും സന്നിഹിതരായിരുന്ന മുന്നൂറോളം അഭ്യാസികൾക്കായ് സത്സംഗം നടത്തുകയും ചെയ്തു. പിന്നീടദ്ദേഹം നൗകുചിയാത്താലിലെ മനോഹരമായ കായൽതീര വസതിയിലേക്ക് യാത്ര തിരിച്ചു. അവശ്യം വേണ്ടിയിരുന്ന വിശ്രമം എടുക്കുവാൻ ഇവിടെ അദ്ദേഹത്തിനു സാധിച്ചു. പിറ്റേന്ന് കാലത്ത് ഉന്മേഷവാനായി കാണപ്പെട്ട മാസ്റ്റർ സത്കോലിലേക്ക് പോകുവാനുള്ള അവസാനവട്ട തയ്യാറെടുപ്പും പൂർത്തിയാക്കിയിരുന്നു. അവിടെ കൂടിയിരുന്നവർക്കായ് ഒരു ഹ്രസ്വ സത്സംഗം നടത്തിയ ശേഷം മാസ്റ്റർ സത്കോലിലേക്ക് യാത്ര പുറപ്പെടുകയും 11 മണിയോടെ അവിടെ എത്തിച്ചേരുകയും ചെയ്തു.



## സത്കോൽ

തങ്ങളുടെ പ്രിയപ്പെട്ടവനെ ഒന്നു കാണുവാനും സ്വീകരിക്കുവാനുമായ് കാത്ത് നിന്ന പർവ്വതത്തിന്റെ വിവിധ സെൻററുകളിൽ നിന്നുള്ള അഭ്യാസികളുടെ കൂടെ ഹിമാലയ പർവ്വതത്തിലെ വശ്യമനോഹാരിതയും ഉണ്ടായിരുന്നു. ഉന്മേഷവാനായി കാണപ്പെട്ട മാസ്റ്റർ ആ ദിവസം മുഴുവനും കോട്ടേജിൽ ജോലിയിൽ വ്യാപൃതനായിരുന്നു.

19–ാം തിയ്യതി രാവിലെ 7 മണിക്ക് ധ്യാനമന്ദിരത്തിൽ വെച്ച് മാസ്റ്റർ സത്സംഗം നടത്തി. അന്നേ ദിവസം മുഴുവനും അദ്ദേഹം കോട്ടേജിൽ വിശ്രമമില്ലാതെ ജോലിയിൽ മുഴുകി.



"ബസന്ത് പഞ്ചമി" ദിനമായ 20–ാം തിയ്യതി അതിരാവിലെ തന്നെ മാസ്റ്റർ ഉണർന്നെഴുന്നേറ്റു. തലേന്ന് രാത്രി പല്ലുവേദന അനുഭവപ്പെട്ടിരുന്നെങ്കിലും അതൊന്നും വകവെക്കാതെ അദ്ദേഹം കാലത്ത് തന്നെ ഉത്സാഹത്തോടെ തന്റെ സ്വതസിദ്ധമായ ശൈലിയിൽ എല്ലാവരോടും സംസാരിക്കുവാൻ തുടങ്ങി. 6:45–നു തന്നെ ധ്യാനമന്ദിരത്തിലെത്തിയ മാസ്റ്റർ, പർവതപ്രദേശങ്ങളിൽ നിന്നും എത്തിച്ചേരേണ്ട അഭ്യാസികൾക്കായ് കാത്ത് നിൽക്കുകയും 7 മണിക്ക് സത്സംഗം നടത്തുകയും ചെയ്തു. ഏകദേശം 700 അഭ്യാസികൾ സത്സംഗത്തിൽ പങ്കെടുത്തിരുന്നു. സത്കോലിൽ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത സത്സംഗമാണിതെന്ന് മാസ്റ്റർ സൂചിപ്പിക്കുകയും ചെയ്തു. പിന്നീട് മാസ്റ്റർ രണ്ട് വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. മാസ്റ്ററുടെ കോട്ടേജിന് മുൻവശത്ത് അഭ്യാസികൾക്കായ് ഉച്ചഭക്ഷണം ഒരുക്കിയിട്ടുണ്ടായിരുന്നു. അവിടെ മാസ്റ്റർ അൽപസമയം ചിലവഴിച്ചു. അന്തരീക്ഷത്തിൽ എങ്ങും ഉത്സവപ്രതീതി നിലനിന്നിരുന്നു. തെളിഞ്ഞ ആകാശത്തിൽ നിന്നും വരുന്ന സൂര്യകിരണങ്ങൾ അന്തരീക്ഷത്തിന് ഊഷ്മളത പകർന്നു. വൈകുന്നേരം പർവത പ്രദേശത്തു നിന്നും വന്ന അഭ്യാസികളോടൊത്ത് മാസ്റ്റർ സമയം ചിലവഴിച്ചു. ഗോപേശ്വർ തുടങ്ങിയ വിദൂര സെൻററുകളിൽ നിന്നും വന്ന അഭ്യാസികൾ ആദ്യമായ് മാസ്റ്ററോട് സംസാരിക്കുന്ന കാഴ്ച്ച ഹൃദയത്തെ തൊടുന്നതായിരുന്നു.



അനൗദ്യോഗിക സംഭാഷണങ്ങളിലെ ചില മുത്തുകൾ:
"വിശ്വാസവും, ധൈര്യവും, ക്ഷമയും എല്ലാം എനിക്ക് ഒന്നു തന്നെ. വിശ്വാസം ദൈവീകമാണ്. ശിഷ്യൻ ആത്യന്തികമായി തന്റെയടുത്തേക്ക് വരുമെന്ന വിശ്വാസത്തിൽ അദ്ദേഹം (മാസ്റ്റർ) കാത്തിരിക്കുന്നു. തന്നെപ്പറ്റിയുള്ള ബോധം ധൈര്യത്തിനില്ല. കുട്ടിയുടെ അസുഖം മാറ്റാൻ


ശ്രീ രാം ചന്ദ്ര മിഷൻ ®
എക്കോസ് ഇന്ത്യ വാർത്താപത്രിക


ജയ്പൂരിലെ മാസ്റ്റേർസ് കോട്ടേജ്


ജയ്പൂരിൽ ചർച്ചയ്ക്കിടയിൽ


അൽവാറിലെ ധ്യാന മന്ദിരത്തിന്റെ ഉദ്ഘാടനം


അൽവാർ



ജബൽപ്പൂർ

രാത്രി ഒറ്റക്ക് പുറത്തേക്ക് പോകേണ്ടിവരുന്ന അമ്മ കാണിക്കുന്ന ധൈര്യത്തിന് സ്വയം ബോധമില്ല. സ്നേഹമാണ് ആ ധൈര്യം കൈവരുത്തുന്നത്."

"എന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഞാൻ സംതൃപ്തിയോടെ സ്വീകരിക്കണം. അദ്ദേഹം എന്നോടൊപ്പമുള്ളപ്പോൾ, എന്റെയുള്ളിലുള്ളപ്പോൾ അരുതാത്തതൊന്നും എനിക്ക് സംഭവിക്കുകയില്ല. എന്ത് സംഭവിച്ചാലും, അത് നല്ലതോ ചീത്തയോ എന്തായാലും – എന്റെ നന്മയ്ക്കു മാത്രമായിരിക്കും."

21–ന് കാലത്ത് 7:30–ഓടെ മാസ്റ്റർ രുദ്രാപ്പൂരിലേക്ക് പോയി. മൊറാദാബാദിലേക്ക് പോകുന്നതിനു മുൻപായി അവിടെ അദ്ദേഹം കുറച്ച് നേരം വിശ്രമിച്ചു. അടുത്ത ദിവസം ദില്ലിയിലേക്ക് പുറപ്പെട്ട അദ്ദേഹം ദൈർഘ്യമേറിയ യാത്രക്കു ശേഷം ഗുഡ്ഗാവിലുള്ള സോണൽ ആശ്രമത്തിലെത്തി വിശ്രമിച്ചു. വൈകുന്നേരം അവിടെ സന്നിഹിതരായിരുന്ന ഏകദേശം 750 അഭ്യാസികൾക്കായി സഹോ. അജയ് ഭട്ടർ സത്സംഗം നടത്തി. 24ന കാലത്ത് ഏകദേശം 2500 അഭ്യാസികൾക്കായി മാസ്റ്റർ സത്സംഗം നടത്തി.

## ജയ്പ്പൂർ

ജനുവരി 24–ന മാസ്റ്റർ ജയ്പ്പൂരിലെത്തിച്ചേർന്നു. ഗുഡ്ഗാവിൽനിന്നുള്ള ക്ഷീണമേകിയ റോഡുമാർഗ്ഗമുള്ള യാത്രക്ക് ശേഷവും അദ്ദേഹം ഉന്മേഷവാനായി കാണപ്പെട്ടു. ധാരാളം അഭ്യാസികൾ അദ്ദേഹത്തെ ആശ്രമത്തിലേക്ക് സ്വാഗതം ചെയ്തു. ആശ്രമത്തിലെ കോട്ടേജിന്റെ നിർമ്മാണം നടക്കുന്നതിനാൽ അദ്ദേഹം സഹോ.സുധീറിന്റെ വസതിയിലാണ് തങ്ങിയത്. ഗുജറാത്തിൽ നിന്നും രാജസ്ഥാനിൽ നിന്നും ഏകദേശം 2900 അഭ്യാസികൾ എത്തിച്ചേർന്നിരുന്ന അവിടെ സ്നേഹനിർഭരമായൊരു അന്തരീക്ഷം നിലനിന്നിരുന്നു. 25–ന കാലത്ത് മാസ്റ്റർ സത്സംഗം നടത്തി, തുടർന്ന് ഭക്തി ഗാനാലാപനമുണ്ടായി. പിന്നീടദ്ദേഹം ആശ്രമത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ചു. അന്നേ ദിവസം അദ്ദേഹം ധാരാളം അഭ്യാസികളുമായി ഇടപഴകുകയും നിരവധി പദ്ധതികൾക്ക് അന്തിമരൂപം നൽകുകയും ചെയ്തു. 26–ന വൈകുന്നേരം മാസ്റ്റർ ആശ്രമത്തിൽ സത്സംഗം നടത്തി. തന്റെ ക്ഷീണത്തെ വകവെക്കാതെ അദ്ദേഹം നിരവധി തവണ പുറത്ത് വന്നിരുന്ന് അഭ്യാസികളുമായി സമയം ചിലവഴിച്ചു. 27–ന കാലത്ത് അദ്ദേഹം നടത്തിയ സത്സംഗത്തിനു ശേഷം സഹോ. നിഹാരികയുടെ കവിതാപാരായണമുണ്ടായി. ഏതൊരു പദ്ധതിയുമായും മുന്നോട്ട് പോകുവാൻ തീരുമാനിക്കുന്നതിനു മുൻപായി നാം അതിനു പിന്നിലുള്ള പ്രത്യയശാസ്ത്രം അല്ലെങ്കിൽ ആശയം, സാദ്ധ്യത പിന്നെ അതിന്റെ പ്രയോഗക്ഷമത എന്നിവ എപ്പോഴും പരിഗണിക്കണമെന്ന് ഒരു ചർച്ചയിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. മാസ്റ്റർ 28–ന രാവിലെ അൽവാറിലേക്ക് പുറപ്പെട്ടു.

## അൽവാർ

ആശ്രമ മന്ദിരത്തിന്റെ ഉദ്ഘാടനത്തിനായി മാസ്റ്റർ അൽവാറിൽ യാത്രാമദ്ധ്യേ കുറച്ച് നേരം തങ്ങി. ഏകദേശം 500–ഓളം അഭ്യാസികൾ അദ്ദേഹത്തെ വളരെയധികം സ്നേഹത്തോടും, സന്തോഷത്തോടും, ഉത്സാഹത്തോടും കൂടി സ്വീകരിച്ചു. ആശ്രമത്തിന്റെ തെക്കു വശത്തുള്ള കവാടത്തിലുള്ള ഫലകം മാസ്റ്റർ അനാഛാദനം ചെയ്തു. തുടർന്നദ്ദേഹം റിബ്ബൺ മുറിച്ച് ധ്യാനമന്ദിരത്തിലേക്കു പ്രവേശിച്ചു. ഏകദേശം 50 മിനിറ്റോളം മാസ്റ്റർ അവിടെ സത്സംഗം നടത്തി. പിന്നീട് ധാരാളം അഭ്യാസികൾക്ക് അദ്ദേഹവുമായി ഇടപഴകാനുള്ള അവസരം നൽകിക്കൊണ്ട് അരമണിക്കൂറോളം ആശ്രമ പരിസരത്ത് ചിലവഴിച്ചു. ഉച്ച ഭക്ഷണത്തിന ശേഷം കുറച്ച് നേരം വിശ്രമിച്ച അദ്ദേഹം ദില്ലിയിലേക്ക് കാറിൽ യാത്ര തിരിച്ചു. വീണ്ടും സന്ദർശിക്കാമെന്ന് അദ്ദേഹം അൽവാർ അഭ്യാസികൾക്ക് ഉറപ്പ് നൽകി.

## ജബൽപ്പൂർ

ജനുവരി 30–ന മാസ്റ്റർ ദില്ലിയിൽ നിന്നും വിമാനമാർഗ്ഗം ജബൽപ്പൂരിലേക്ക് പുറപ്പെട്ടു. അദ്ദേഹത്തിന്റെ വസതിയിലേക്കുള്ള റോഡിന്റെ ഇരു വശത്തുമായി വരി വരിയായി നിന്നുകൊണ്ട് ഏകദേശം 2500 അഭ്യാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു.

31–ാം തിയ്യതി മദ്ധ്യപ്രദേശിലെ സോണൽ ആശ്രമത്തിന്റെ ഉദ്ഘാടനത്തോടെ മൂന്നു ദിവസത്തെ ബസന്ത് ഉത്സവത്തിന് തുടക്കമായി. ബ്രിട്ടീഷ് ശൈലിയിലുള്ള വാസ്തുവിദ്യയിലാണ് ധ്യാനമന്ദിരം നിർമ്മിച്ചിരിക്കുന്നത്. ഇത് മാസ്റ്ററെ അദ്ദേഹം പഠിച്ച ക്രൈസ്റ്റ് ചർച്ച് വിദ്യാലയത്തെ ഓർമ്മിപ്പിച്ചു. കാലത്ത് 7:30–ന് അദ്ദേഹം അതിമനോഹരമായ ധ്യാനമന്ദിരത്തിന്റെ ഉദ്ഘാടനം, ഫലകം അനാഛാദനം ചെയ്തും റിബ്ബൺ മുറിച്ചും നിർവഹിച്ചു. അദ്ദേഹം തന്റെ കസേരയിൽ ഉപവിഷ്ടനാവുന്നതു വരെ അഭ്യാസികൾ ധ്യാനമന്ദിരത്തിന്റെ പുറത്ത് കാത്തിരുന്നു. സത്സംഗത്തിന് ശേഷം ഹൃദയ സ്പർശിയായ ഭക്തി ഗാനാലാപനമുണ്ടായി. പിന്നീടദ്ദേഹം പരിസരമാകെ കാറിൽ ചുറ്റിസഞ്ചരിച്ചു.

നല്ല തണുപ്പത്ത് കൂടാരങ്ങളിൽ താമസിക്കേണ്ടി വന്നിട്ടും അഭ്യാസികൾ

ശ്രീ രാം ചന്ദ്ര മിഷൻ ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



ജബൽപ്പൂർ





ആഹ്ലാദചിത്തരായിരുന്നു. ഒരു ദിവ്യ സരോവരത്തിന്റെ അനുഭൂതി അവിടെ നിലനിന്നിരുന്നു. ചെറിയ കംഫർട്ട് ഡോർമിട്ടറി, പുസ്തകശാല, വായനശാല, കുട്ടികളുടെ കേന്ദ്രം എന്നിങ്ങനെ അവിടത്തെ സൗകര്യങ്ങളും ക്രമീകരണങ്ങളും വളരെ മെച്ചപ്പെട്ടതായിരുന്നു.

ഫെബ്രുവരി 2-ാം തീയതി മാസ്റ്റർ ധ്യാന മന്ദിരത്തിൽ എത്തിച്ചേരുന്നതിനു മുമ്പുതന്നെ അഭ്യാസികൾ ധ്യാനത്തിനായി കാത്തു നിൽക്കുന്നത് കണ്ട അദ്ദേഹം വളരെ സന്തുഷ്ഠനായി. "ദയവായി എല്ലാവരും പെട്ടെന്ന് തന്നെ ഇരിക്കൂ" എന്നു പറഞ്ഞതിനുശേഷം മാസ്റ്റർ ഘടികാരത്തിൽ നോക്കി പുഞ്ചിരിയോടെ പറഞ്ഞു " തീൻ മേശയിൽ ഇരുന്നശേഷം ഒരാൾക്ക് എത്ര നേരം ഭക്ഷണത്തിനായി കാത്തിരിക്കാൻ കഴിയും? ഇവിടെയും അങ്ങിനെ തന്നെ. ഇനി എനിക്കു കാത്തു നിൽക്കുവാൻ പറ്റുകയില്ല. എനിക്കു തുടങ്ങുക തന്നെവേണം."

സത്സംഗത്തിനു ശേഷം സഹോ.അജയ് പതിവായി സാധന ചെയ്യുവാനും ലക്ഷ്യത്തിൽ തന്നെ ശ്രദ്ധ പതിപ്പിക്കുവാനും, ഭണ്ഡാരകളിൽ മാസ്റ്റർ തരുന്ന അവസ്ഥ കാത്തു സൂക്ഷിക്കാനും ആവശ്യപ്പെട്ടു. മാസ്റ്ററുടെ പുതുവത്സര സന്ദേശത്തിൽ പറഞ്ഞ പ്രകാരം ലക്ഷ്യത്തിൽ എത്തിച്ചേരുവാനുള്ള തിടുക്കം നമ്മളുടെ ഹൃദയത്തിൽ ഉണ്ടാക്കി എടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

മാസ്റ്റർ സായാഹ്നത്തിൽ നടത്തിയ സത്സംഗത്തിനുശേഷം നൽകിയ സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു. "ഒരു ശിഷ്യൻ അച്ചടക്കമുള്ളവനായതുകൊണ്ടാണ് ശിഷ്യനാവുന്നത്. അവൻ അച്ചടക്കമുള്ളവനാകുന്നതിന് കാരണം അവന്റെ ഹൃദയം അങ്ങനെ ആകാൻ പറയുന്നതു കൊണ്ടാണ് അല്ലാതെ ബുദ്ധി പറയുന്നതു കൊണ്ടല്ല; അവൻ അച്ചടക്കമുള്ളവനാകുന്നത് സ്നേഹം മൂലമാണ് ഭയം കൊണ്ടല്ല; അവൻ അച്ചടക്കമുള്ളവനാകുന്നതിന് കാരണം അച്ചടക്കം മാത്രമേ ഈ വഴിയിൽ വിജയകരമായി അവസാനം വരെ കൊണ്ടുപോകുവാൻ അവനെ സഹായിക്കുകയുള്ളൂ എന്ന തിരിച്ചറിവുള്ളതു കൊണ്ടാണ്."

ഏകദേശം 3800 അഭ്യാസികളും 300 കുട്ടികളും ഈ ബസന്ത് ഉത്സവത്തിൽ പങ്കെടുത്തു.

## നാഗ്പ്പൂർ

3-ാം തീയതി കാലത്ത് മാസ്റ്റർ നാഗ്പ്പൂരിലേക്കു പുറപ്പെട്ടു. യാത്രാമദ്ധ്യേ സിയൊണി എന്ന സ്ഥലത്ത് തന്നെ കാത്തു നിന്നിരുന്ന 300-ഓളം അഭ്യാസികളെ കാണുന്നതിനായി യാത്ര നിർത്തി. തുറന്ന സ്ഥലത്ത് സൂര്യനു താഴെ അദ്ദേഹം അവരോടൊപ്പം സന്തോഷത്തോടെ ഇരുന്നു, അവിടെ കൂടിയിരുന്ന എല്ലാവരോടും പ്രത്യേകിച്ച് കുട്ടികളോടുമായി സംസാരിച്ചു.

ഉച്ചയൂണിനു ശേഷം അദ്ദേഹം നാഗ്പൂരിലേക്കുള്ള തന്റെ യാത്ര തുടരുകയും 12.കി.മി ദൂരെയുള്ള ആശ്രമത്തിലേക്ക് നേരിട്ട് ചെല്ലുകയും ചെയ്തു. അവിടെ കൂടിയിരുന്ന 1200 അഭ്യാസികൾ തങ്ങളുടെ പ്രിയപ്പെട്ട മാസ്റ്ററെ കണ്ട് സന്തോഷഭരിതരായി. ആറര മണിക്കൂർ നീണ്ട ദീർഘ യാത്രക്കുശേഷം കുറച്ചു വിശ്രമിച്ച് അദ്ദേഹം നേരെ ധ്യാന മന്ദിരത്തിലെത്തി സത്സംഗം നടത്തി. അദ്ദേഹം അവിടെ നടന്ന കലാപരിപാടികൾ വീക്ഷിച്ചു. ആശ്രമത്തിൽ അത്താഴം കഴിച്ചതിനു ശേഷം അദ്ദേഹം ഒരു അഭ്യാസിയുടെ വസതിയിലേക്കു രാത്രി വിശ്രമത്തിനായി പുറപ്പെട്ടു.

4-ാം തീയതി കാലത്ത് ആശ്രമത്തിനോട് ചേർന്നുള്ള കോളനിയുടെ വസ്തുവിന്റെ രേഖകൾ വിതരണം ചെയ്തു. അതിനുശേഷം ആത്മാവിന്റെ യാത്ര എന്ന മനോഹരമായ നൃത്തം മാസ്റ്റർ ആസ്വദിച്ചു..

മാസ്റ്റർ താമസിച്ചിരുന്ന വീടിന് ഏകദേശം 100 വർഷത്തെ പഴക്കമുണ്ടായിരുന്നു. അതിന് അദ്ദേഹത്തിന്റെ ജബൽപ്പൂർ വസതിയുമായി സാമ്യമുണ്ടായിരുന്നു. പണ്ടത്തെ ആളുകൾ വിശാല മനസ്കരായതിനാൽ അവരുടെ വീടുകളും വലുതായിരുന്നു, എന്നാൽ ഇന്നത്തെ മനുഷ്യരുടെ ഇടുങ്ങിയ ചിന്താഗതി കാരണം അവരുടെ വീടുകളും ചെറുതാണെന്ന് അദ്ദേഹം പറഞ്ഞു.

ദീർഘകാലത്തെ കാത്തിരിപ്പിനു ശേഷമുള്ള മാസ്റ്ററുടെ നാഗ്പ്പൂർ സന്ദർശനം ആ കേന്ദ്രത്തിന്റെ വളർച്ചക്കു തീർച്ചയായും സഹായകമാകും. വൈകീട്ട് 5.40-ന് വിമാനമർഗ്ഗം അദ്ദേഹം കൊൽക്കത്തയ്ക്കു തിരിച്ചു.

## കൊൽക്കത്ത

ഫെബ്രുവരി 4-ാം തീയതി തുടിക്കുന്ന ഹൃദയവുമായി കൊൽക്കത്ത വിമാനത്താവളത്തിൽ അഭ്യാസികൾ മാസ്റ്ററെ കാത്തുനിന്നു. രാത്രി 7.20നു എത്തിച്ചേർന്ന അദ്ദേഹം 100-ൽ പരം അഭ്യാസികളുടെ അകമ്പടിയോടെ (90-ൽ കൂടുതൽ വിദേശ അഭ്യാസികൾ) ആശ്രമത്തിലേക്കു യാത്ര തിരിച്ചു. 5-ാം തിയതി കാലത്ത് അദ്ദേഹം നൽകിയ സത്സംഗത്തിൽ 800 അഭ്യാസികൾ പങ്കെടുത്തു.

ഫെബ്രുവരി 6-ാം തീയതി സത്സംഗത്തിനു ശേഷം സഹോ. എൻ.പ്രകാശ് പിന്നെ സഹോ. പാട്രിക്ക് എന്നിവർ ഒരു ചോദ്യോത്തരവേള നടത്തുകയുണ്ടായി. വളരെ കൗതുകകരവും സംശയ നിവാരിണിയുമായിരുന്ന ഈ പരിപാടിയിലുടനീളം മാസ്റ്ററുടെ സാമീപ്യം ഉളവായിരുന്നു. അടുക്കളയിലെ സ്വയം സേവകരുടെ ക്ഷണം സ്വീകരിച്ച് മാസ്റ്റർ അഭ്യാസികളോടൊപ്പം ഡൈനിംഗ് ഹാളിലിരുന്ന് അത്താഴം കഴിച്ചു.

നാഗ്പൂർ



കൊൽക്കത്ത












# ശ്രീ രാം ചന്ദ്ര മിഷൻ ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



ഫെബ്രുവരി 7–ാം തീയതിയലെ സത്സംഗം തുടങ്ങുന്നതിനു മുമ്പ് മാസ്റ്റർ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. ഒരിക്കൽ കൂടി അദ്ദേഹം അച്ചടക്കത്തിൻെറ പ്രാധാന്യത്തിന് ഊന്നൽ നൽകി. സത്സംഗം വളരെ പ്രധാനപ്പെട്ടതാണെന്നും അതിനെക്കാൾ പ്രാധാന്യമർഹിക്കുന്ന ഒരേയൊരു കാര്യം ദൈനംദിന സാധനയാണെന്നും ഒരു കാരണവശാലും അതിൽ ഒരു മുടക്കവും വരുത്തരുതെന്നും അദ്ദേഹം പറഞ്ഞു. ദശസൂക്തങ്ങളെ നമ്മുടെ ദൈനംദിന ജീവിതത്തിൽ എല്ലാ സന്ദർഭങ്ങളിലും പ്രായോഗികമാക്കുന്ന രീതിയിൽ ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരും തങ്ങളുടെ ഭൗതിക ജീവിതത്തിലെയും ആദ്ധ്യാത്മിക ജീവിതത്തിലെയും പ്രതീക്ഷകൾ കൃത്യമായി വേർതിരിച്ചറിഞ്ഞിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ജീവിതത്തിലെന്തെങ്കിലും പ്രതീക്ഷിക്കാത്തതു സംഭവിക്കുമ്പോൾ പലരും മിഷൻ ഉപേക്ഷിക്കുന്നു. നമ്മുടെ ഭൗതിക ജീവിതത്തിൽ എന്തു സംഭവിച്ചാലും, സുഖമോ ദുഖമോ എന്തായാലും, അത് നമ്മുടെ സംസ്കാരങ്ങളുടെ ഫലമാണെന്ന് മനസ്സിലാക്കിയാൽ ഇത് സംഭവിക്കില്ല.

സത്സംഗത്തെ തുടർന്ന് സഹോ. അപർണ ഘോഷ് ഭജൻ ആലപിച്ചു. മാസ്റ്റർ അവിടെ നിന്നും സഹോ. അജയ് ഭട്ടറുടെ വസതിയിലേക്ക് പോവുകയും അവിടെ മൂന്നു ദിവസം ചിലവഴിക്കുകയും ചെയ്തു. അവിടത്തെ താമസത്തിനിടയിൽ അദ്ദേഹം അഭ്യാസികളുമായി ഇടപഴകുകയും ഭരണകാര്യങ്ങൾ ശ്രദ്ധിക്കുകയും പിന്നെ സിറ്റിങ്ങുകൾ നൽകുകയും ചെയ്തു. 10–ാം തീയതി രാവിലെ മാസ്റ്റർ ചെന്നൈയിലേക്ക് യാത്ര തിരിച്ചു.

## പുതിയ പ്രസിദ്ധീകരണങ്ങൾ

| ദ ഗുരു ആൻറ് ദ ഗോൾ | ഹാർട്ട് സ്പീക്ക് 2005(കന്നഡ) | റോൾ ഓഫ് ദ മാസ്റ്റർ ഇൻ ഹ്യൂമൻ എവൊല്യൂഷൻ(തെലുങ്ക്) | മൈ മാസ്റ്റർ(ഹിന്ദി) | റിയാലിറ്റി അറ്റ് ഡോൺ |
|---|---|---|---|---|
|  |  |  |  |  |
| ട്രൂത്ത് ഇറ്റേർണൽ | ട്രൂത്ത് ഇറ്റേർണൽ(തമിഴ്) | ഹി – ദ വണ്ടർ –വാല്യം 2 (ഹിന്ദി) | എൻെറ ഗുരു (മലയാളം) | അഭ്യാസി ഡയറി |
|  |  |  |  |  |

## അഭ്യാസി പരിശീലന പരിപാടികൾ

**പൻവേൽ, മുംബൈ**

ഡിസംബർ 25–27 വരെ നടന്ന മൂന്നു ദിവസത്തെ ഈ പരിപാടിയിൽ 35 പേർ പങ്കെടുത്തു. ആദ്യത്തെ ദിവസം നടന്ന പുസ്തക പാരായണത്തിൽ 'സത്യോദയം' ഹിന്ദിയിലും ഇംഗ്ലീഷിലും വായിക്കുകയുണ്ടായി. മാസ്റ്ററുടെ 'സീ ഓഫ് ലവ്' എന്ന വീഡിയോ ഡോക്യുമെൻററിയും പ്രദർശിപ്പിച്ചു. രണ്ടാമത്തെ ദിവസം മുഴുവൻ സഹജമാർഗ്ഗ പരിശീലനത്തെ കുറിച്ചുള്ള പ്രഭാഷണങ്ങളും സ്വയം സേവയുമായിരുന്നു. അവസാന ദിവസത്തെ പരിപാടി തുടങ്ങിയത് അഭ്യാസികളുടെ അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ടായിരുന്നു. തുടർന്ന് സഹനശക്തി, സ്നേഹം, അച്ചടക്കം എന്നിവയെക്കുറിച്ചുള്ള പ്രഭാഷണം ഉണ്ടായിരുന്നു. അഭ്യാസികൾ തങ്ങളുടെ മാസ്റ്ററുമായുള്ള ആദ്യത്തെ കൂടിക്കാഴ്ച്ചയിലെ അനുഭവങ്ങൾ പങ്കുവെച്ചു.. ഈ പരിപാടിയുടെ പ്രമേയം 'ഭാവിയിലേക്കുറ്റു നോക്കുക' എന്നായിരുന്നു. ഇതു കൊണ്ടുദ്ദേശിച്ചത് തങ്ങളുടെ അവസ്ഥ മനസ്സിലാക്കി, മൂന്ന് എം –ന് (മാസ്റ്റർ, മിഷൻ, മെത്തേഡ്) ആസ്പദമായി ജീവിതത്തിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തുക എന്നതായിരുന്നു. ഇതിനുതകുന്ന രീതിയിലായിരുന്നു ഈ മൂന്നു ദിവസത്തെ പരിപാടി.


## ഭുജ് ആശ്രമത്തിൻെറ തറക്കല്ലിടൽ

ഭുജ് ആശ്രമത്തിൻെറ തറക്കല്ല് ജനുവരി 24–ന് ഭുജ് സെൻററിലെ പ്രിഫെക്റ്റ് സഹോ ഡോ. എൻ.ഒ. ചൗഹാൻ നിർവ്വഹിച്ചു. മാസ്റ്ററുടെ സാന്നിദ്ധ്യം നിറഞ്ഞു നിന്നിരുന്ന ഈ അവസരം പങ്കിടുവാൻ 75 –ഓളം അഭ്യാസികൾ എത്തിയിരുന്നു. സിറ്റി സ്ക്വയർ ടൗൺഷിപ് 2005–ൽ നൽകിയ ഈ വസ്തുവിന് ഏകദേശം 9787.3 ചതുരശ്ര യാർഡ് വലുപ്പമുണ്ട്. ഭുജ് നഗരത്തിൽ നിന്നും 12കി.മി അകലെയാണ് ഇത് സ്ഥിതി ചെയ്യുന്നത്.



ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## നമ്മുടെ പ്രിയപ്പെട്ട മാസ്റ്ററുടെ 84–ാം ജന്മദിനാഘോഷങ്ങൾ




തീയതി : 2010 ജൂലായ് 23 മുതൽ 26 വരെ
സ്ഥലം: ബാബൂജി മെമ്മോറിയൽ ആശ്രമം
ശ്രീ രാം ചന്ദ്ര മിഷൻ, ഐഐഎം റോഡ്,
ലക്നൗ(യു.പി) ഇന്ത്യ

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

പ്രണാമം! മാസ്റ്ററുടെ വാക്കുകളിൽ പറഞ്ഞാൽ "ഇത് (ഭണ്ഡാര) കുളിർമയുള്ള സുഗന്ധപൂരിതമായ സരോവരത്തിൽ നീരാടുന്നതു പോലെയണ്, ഇതിൽ നീരാടുന്ന ഒരു അഭ്യാസിക്ക് അതിൽ ആഴ്ന്നിറങ്ങാൻ സാധിക്കുമെങ്കിൽ ലഭിക്കുന്നത് അദ്ധ്യാത്മിക പുനർജന്മമാണ്." അദ്ദേഹത്തിന്റെ കൃപയിൽ ആഴ്ന്നിറങ്ങിക്കൊണ്ട് മാസ്റ്ററുടെ ഒരു ജന്മദിനം കൂടി ആഘോഷിക്കുവാൻ അവസരം തന്ന മാസ്റ്ററോട് നാം വളരെയധികം കടപ്പെട്ടിരിക്കുന്നു. ജൂലായ് 22 മുതൽ 26 വരെയുള്ള തിയതികളിലായി ലക്നൗ നഗരത്തിലാണ് ഭണ്ഡാര ആഘോഷിക്കപ്പെടുന്നത്. മാസ്റ്ററുടെ ദിവ്യ കൃപയിലും ഭൗതിക പ്രഭാവത്തിലും ആറാടിക്കൊണ്ട് നമുക്ക് ജൂലായ് 25–ന് ഗുരുപൂർണ്ണിമയും ആഘോഷിക്കുവാൻ ഒരവസരം ലഭിച്ചിരിക്കുകയാണ്.

.......ഈ ജന്മം നമുക്കു നൽകിയ ദിവ്യ ഗുരുവിനോടുള്ള കൃതജ്ഞതയിലായിരിക്കട്ടെ നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും, നമ്മുടെ ഓരോ ശ്വാസവും. മംഗളകരമായ ഈ അവസരത്തിൽ ഹൃദയം മുഴുവൻ സ്നേഹവും കൃതജ്ഞതയും നിറച്ച് നമുക്ക് ഒത്തൊരുമിച്ച് ആറാടാം.

സ്നേഹപൂർവ്വം,
അജയ് ഭട്ടർ

ക്ഷണപത്രം, റജിസ്ട്രേഷനെക്കുറിച്ചുള്ള വിശദാംശങ്ങൾ, ലക്നൗവിലേക്കുള്ള യാത്ര എന്നിവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾക്കായി താഴെ പറയുന്ന മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക http://www.sahajmarg.org/24july2010/index.jsp

ഈ ആഘോഷത്തെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾക്കായി മേൽപറഞ്ഞ വെബ്സൈറ്റിൽ നിരന്തരമായി സന്ദർശിക്കുക. 2010 മെയ് 15–നു മുൻപായി അഭ്യാസികൾ റെജിസ്റ്റർ ചെയ്യേണ്ടതാണ്.

എല്ലാവിധ വിശദീകരണങ്ങൾക്കും ഇനി പറയുന്ന ഇമെയിൽ അഡ്രസ്സുമായി ബന്ധപ്പെടുക: 24july.registration@srcm.org അല്ലെങ്കിൽ 24july.helpdesk@srcm.org

## യാത്ര അപേക്ഷയ്ക്കുള്ള വിവരവും അപ്ലിക്കേഷൻ ഫോറവും


മണപ്പാക്കം ആശ്രമമോ മറ്റു ആശ്രമങ്ങളോ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്ന അഭ്യാസികൾക്ക് വിവരങ്ങൾ ഇപ്പോൾ ഈ വെബ് അഡ്രസ്സിൽ ലഭ്യമാണ്. http://www.sahajmarg.org/smww/bma-request-to-visit.

മണപ്പാക്കം ആശ്രമം സന്ദർശിക്കുന്നതിനും, മാസ്റ്ററോടൊപ്പം യാത്ര ചെയ്യുന്നതിനും, ഇന്ത്യയിൽ ഭണ്ഡാരയിൽ പങ്കെടുക്കുന്നതിനും യാത്രാ അപേക്ഷ നൽകേണ്ടത് നിർബന്ധമാണ്.

ഇത് അഭ്യർത്ഥിക്കുന്ന ഓരോരുത്തരെയും അവരുടെ പ്രിഫെക്റ്റും രാജ്യത്തെ ഇൻ ചാർജ്ജ്/പ്രാദേശിക കൊ–ഓർഡിനേറ്ററും ശുപാർശ ചെയ്യേണ്ടതാണ്. അതിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും കാര്യക്രമങ്ങളും ശ്രദ്ധയോടുകൂടി പാലിക്കേണ്ടതാണ്. സത്കോൽ, ക്രെസ്റ്റ്, റിട്രീറ്റ് സെൻററുകൾ എന്നിവിടങ്ങളിലേക്കായുള്ള പ്രത്യേകം അപേക്ഷകൾ അതതിന്റെ പ്രത്യേക വെബ് പേജുകളിൽ ലഭ്യമാണ്.

## ഭൂതകാലത്തിലേക്ക് ഒരു എത്തിനോട്ടം

നവംബർ 1950– (ബാബുജിയുടെ ഡയറിയിൽ നിന്നും) : "പൂജ ചെയ്യുന്നതിനേക്കാൾ വലുതാണ് മാസ്റ്ററുടെ കൽപനകൾ പാലിക്കുന്നത്. ആരെങ്കിലും ലാലാജി അനുശാസിച്ചിട്ടുള്ളത് ചെയ്താൽ ഞാൻ അവനിലേക്ക് ആകൃഷ്ടനാകും."





1954: 'റിയാലിറ്റി അറ്റ് ഡോൺ(സത്യോദയം)' എന്ന പുസ്തകം ആദ്യം പ്രകാശനം ചെയ്തത് 1954–ലാണ്. അതിന്റെ കവർ പേജാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.

ഈ പുസ്തകത്തിൽ നിന്നും ഏതാനും വാക്യങ്ങൾ:

"എത്രയും വേഗം ലക്ഷ്യത്തിലെത്താനുള്ള തീവ്രമായ അക്ഷമതയാൽ ജനിക്കുന്ന സാഹസിക ശ്രമം സാക്ഷാത്കാര യാത്ര ത്വരിതപ്പെടുത്തുകയും ഏറ്റവും കുറഞ്ഞ സമയം കൊണ്ട് വിജയം ഉറപ്പാക്കുകയും ചെയ്യും."

"ആത്മീയ സപര്യയിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്ക് അനുപേക്ഷണീയമാണ് മിതശീലം. അതു വളരെ വിശാലാർത്ഥമുള്ള പദമാണ്, മനുഷ്യവംശത്തിന്റെ എല്ലാദശകളേയും ഉൾക്കൊള്ളുന്നതാണ്. "ഇന്ദ്രിയങ്ങളുടേയും അവയുടെ പ്രവർത്തനശേഷിയുടേയും സമനില" ആണ് ഈ പദത്തിന്റെ ഉദ്ദേശ്യം. അതാതിന്റെ സമയത്ത് ഏതു കാര്യത്തിനും സ്വാഭാവികമായി വേണ്ടതിൽ ഏറ്റക്കുറവു കൂടാതെയും മനസ്സിൽ അതേപ്പറ്റിയുള്ള നേരിയ മുദ്ര പതിപ്പിക്കാതേയും വേണമെന്നാണ് ഇതു ധ്വനിപ്പിക്കുന്നത്."



ഡിസംബർ 1957: കർണ്ണാടകയിലെ ഗുൽബർഗ്ഗയിൽ നടന്ന വാർഷിക പരിപാടിയിൽ സംപൂജ്യനായ ബാബുജി മഹാരാജ് നൽകിയ "ദൈവസാക്ഷാത്കാരത്തിലേക്കുള്ള എളുപ്പവഴി" എന്ന സന്ദേശത്തിൽ നിന്നും എടുത്തത്.


"എന്റെ സ്വന്തം അനുഭവത്തിൽ നിന്നും ഞാൻ ഒരു ലളിതമായ വഴി പറഞ്ഞുതരാം, ഇത് എല്ലാവർക്കും എളുപ്പത്തിൽ ചെയ്യാവുന്നതുമാണ്. ഒരാൾക്ക് തന്റെ ഹൃദയം വിൽക്കാമെങ്കിൽ, ഒരു സമ്മാനമായി ദിവ്യനായ മാസ്റ്റർക്ക് നൽകാമെങ്കിൽ അതിൽ കൂടുതലൊന്നും ചെയ്യാനില്ല. അതു അവനെ അനന്തമായ സത്യവുമായി അലിയിച്ചുചേർക്കും."

"ഒരു കാര്യം കൂടി: ഹൃദയത്തിന്റെ ഈ സമർപ്പണം എളുപ്പത്തിൽ നടക്കാൻ സ്വന്തം ഇച്ഛ മാത്രമേ ആവശ്യമുള്ളൂ. ഈ ഇച്ഛ എത്രത്തോളം സൂക്ഷ്മവും ഉൽകൃഷ്ടവുമാണോ അത്രത്തോളം പര്യാപ്തമായിരിക്കും അതിന്റെ പ്രവർത്തനം."

ഉറവിടം: സത്യോദയം, കംപ്ലീറ്റ് വർക്സ് ഓഫ് രാംചന്ദ്ര വാല്യം 3 (ഓട്ടോബയോഗ്രഫി ഓഫ് രാം ചന്ദ്ര വാല്യം 2, മെസ്സേജസ് യൂണിവേർസൽ)

ശ്രീ രാം ചന്ദ്ര മിഷൻ ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പൂജ്യ ലാലാജിയുടെ ജന്മദിനാഘോഷം



ആദരണീയ ലാലാജിയുടെ ജന്മദിനാഘോഷം ബസന്ത് ഉത്സവമായി രാജ്യത്ത് എല്ലായിടത്തും ഫെബ്രുവരി രണ്ടാം തിയതി ആഘോഷിച്ചു. സംസ്ഥാനതല റിപ്പോർട്ട് താഴെ ചേർക്കുന്നു.

ആന്ധ്രാപ്രദേശിലെ കോലകലൂരിലും, ഖമ്മം സെൻററിലും മുഴുവൻ ദിവസ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കോലകലൂരിൽ പ്രഭാഷണങ്ങളും ക്വിസ് പ്രോഗ്രാമുകളും ഉണ്ടായിരുന്നു. വാസനകൾക്ക് മനുഷ്യൻ എങ്ങനെ അടിമപ്പെടാമെന്നും മാസ്റ്ററുടെ സഹായത്താലും നിരന്തരസ്മരണ കൊണ്ടും എങ്ങനെ അതിൽനിന്നും വിജയകരമായി പുറത്തു വരാമെന്നും ലഘു നാടകങ്ങളുടെ രൂപത്തിൽ അവതരിപ്പിച്ചു. ഖമ്മം സെൻററിലെ ആഘോഷത്തിൽ സമീപസെൻററിലെ മുഴുവൻ അഭ്യാസികളും പങ്കെടുത്തിരുന്നു.

ആസ്സാമിലെ ഗുവഹാട്ടി കേന്ദ്രത്തിലെ ആഘോഷത്തിൽ 150 ഓളം അഭ്യാസികൾ പങ്കെടുത്തു. മറ്റു കേന്ദ്രത്തിൽ നിന്നുള്ള അഭ്യാസികൾക്ക് സോണൽ ആശ്രമത്തിനുള്ള സ്ഥലം സന്ദർശിക്കുന്നതിനുള്ള അവസരവും ലഭിച്ചു. 'വിശ്വാസം', 'ജീവിച്ചിരിക്കുന്ന മാസ്റ്ററുടെ പ്രാധാന്യം', 'സഹജമാർഗവും ഭഗവദ് ഗീതയും' മുതലായ വിഷയങ്ങളെകുറിച്ച് പ്രഭാഷണങ്ങളുണ്ടായി. തുടർന്ന് ലാലാജി മഹരാജിനെ സംബന്ധിക്കുന്ന ശ്രവണ ദൃശ്യ മാദ്ധ്യമങ്ങളുടെ പ്രദർശനവും, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങളും ഉണ്ടായി. ഈ ആഘോഷം ആ കേന്ദ്രത്തിലെ അഭ്യാസികൾക്ക് ഒരു പുതിയ അനുഭവമായിരുന്നു.

ഖമ്മം



ഗുവഹാട്ടി



ഝാർഖണ്ഡിലെ ലാൽപാനിയ കേന്ദ്രത്തിൽ ജന്മദിനാഘോഷം ഭക്തിയോടും ഉത്സാഹത്തോടും കൂടി ആഘോഷിച്ചു. രാവിലത്തെ സത്സംഗത്തിനുശേഷം സഹോദരൻ എൻ.കെ.ഷാ ലാലാജി മഹരാജിൻെറ പ്രബോധനങ്ങളെക്കുറിച്ച് സംസാരിച്ചു. സഹോദരി രത്നസിംഗ് മാസ്റ്റർ, മിഷൻ, പദ്ധതി എന്നിവയെക്കുറിച്ച് ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. വളരെയധികം കൗതുകമുണർത്തിയ ഈ പരിപാടിയിൽ എല്ലാ അഭ്യാസികളും ഉത്സാഹത്തോടെ പങ്കെടുക്കുകയുണ്ടായി. അഭ്യാസികളുടെ ഭക്തിക്ക് ആക്കം കൂട്ടാൻ ഈ പരിപാടി വളരെയധികം സഹായിച്ചു. അഭ്യാസി കുടുംബങ്ങളിലെ അഭ്യാസികളല്ലാത്ത മറ്റംഗങ്ങളിൽ താൽപര്യം ജനിപ്പിക്കുവാൻ ഈ പരിപാടി വളരെയധികം സഹായിച്ചു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി ആഘോഷങ്ങൾക്ക് തിരശ്ശീല വീണു.

കർണ്ണാടകയിലെ ഗുൽബർഗ, ഹുബ്ലി, ബീദർ എന്നീ കേന്ദ്രങ്ങളിൽ, അതാതു കേന്ദ്രത്തിൽ വെച്ച് തന്നെ ആഘോഷങ്ങൾ സംഘടിപ്പിച്ചു. ഗുൽബർഗ കേന്ദ്രത്തിൽ 14 പേർ ഈ മംഗളസുദിനത്തിൽ സഹജമാർഗ പരിശീലനം ആരംഭിച്ചു. ഹുബ്ലിയിൽ നടന്ന ആഘോഷത്തിൽ 150 ഓളം പേർ പങ്കെടുത്തു. ബീദറിലെ കേന്ദ്രങ്ങളിൽ സമീപ കേന്ദ്രങ്ങളിൽ നിന്നുള്ള അഭ്യാസികളും പങ്കെടുത്തു. കൃപയും സ്നേഹവും നിറഞ്ഞ ദിവസമായിരുന്നു അത്.

മംഗലാപുരത്തു നടന്ന മുഴുവൻ ദിന പരിപാടിയിൽ 50 ഓളം അഭ്യാസികൾ പങ്കെടുത്തു. രാവിലെയും വൈകുന്നേരവും സത്സംഗമുണ്ടായിരുന്നു. “സേവനത്തിലൂടെ സ്നേഹം വളർത്തുക” എന്ന മാസ്റ്ററുടെ പ്രഭാഷണം വായിച്ചു. ഭക്ഷണത്തിനുശേഷം അഭ്യാസികളുടെ പ്രഭാഷണവും, പാട്ടുകളും ഉണ്ടായിരുന്നു. ലാലാജിയുടെ ജീവിതവും, പ്രബോധനങ്ങളും പ്രഭാഷണത്തിലെ മുഖ്യ വിഷയമായിരുന്നു. ഉച്ചക്കുശേഷമുള്ള പരിപാടിയിൽ “സ്നേഹസാഗര”മെന്ന മാസ്റ്ററുടെ പ്രഭാഷണം പ്രദർശിപ്പിച്ചു.

നവമ്പർ 2008–ൽ പരം ധാം ആശ്രമം ഉദ്ഘാടനം ചെയ്യതിനുശേഷം, ആദ്യമായി പൂജ്യ ലാലാജിയുടെ ജന്മദിനം ആഘോഷിക്കുന്നതിനു വേണ്ടി ബാംഗ്ലൂരിലെ എല്ലാ അഭ്യാസികളും ഇവിടെ ഒത്തു ചേർന്നു. 1300 അഭ്യാസികളും 300 കുട്ടികളും ഈ ആഘോഷത്തിൽ പങ്കെടുത്തു. ലാലാജിയുടെ ജീവിതത്തെക്കുറിച്ചും, പ്രബോധനങ്ങളെക്കുറിച്ചും വളരെയധികം പേർ സംസാരിച്ചു. “ലാലാജിയുടെ ജീവിതം” എന്ന ഹ്രസ്വ ചിത്രം ക്ലോസ്ഡ് സർക്യൂട്ട് ടി.വി. വഴി പ്രദർശിപ്പിച്ചത് ധാരാളം അഭ്യാസികൾ വീക്ഷിച്ചു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടികൾക്ക് സമാപനമായി.

ഹുബ്ലി



മംഗലാപുരം



ബാംഗ്ലൂർ



മാർച്ച് 2010 വാല്യം 3 ലക്കം 2

# ശ്രീ രാം ചന്ദ്ര മിഷൻ ®
എക്രോസ് ഇന്ത്യ വാർത്താപത്രിക


ആലുവ


മിർസാപൂർ


കൊൽക്കത്ത

കേരളത്തിൽ ആലുവ, എറണാകുളം, പാലക്കാട്, പട്ടാമ്പി, കാസർകോട് എന്നീ കേന്ദ്രങ്ങളിൽ ബസന്ത് ഉത്സവം ആഘോഷിച്ചു. മുഴുവൻ ദിന പരിപാടികൾ ആരംഭിച്ചത് രാവിലത്തെ സത്സംഗത്തോടു കൂടിയായിരുന്നു. പ്രാതലിനുശേഷം ലാലാജിയുടെ ജീവിതം എന്ന ഹ്രസ്വ ചിത്രം പ്രദർശിപ്പിച്ചു. മിഷൻ ലേഖനങ്ങളുടെ വായനയും ഭജനും പരിപാടിയുടെ ഭാഗമായുണ്ടായിരുന്നു. പാലക്കാട് കേന്ദ്രത്തിൽ വെച്ചു നടന്ന ആഘോഷത്തിൽ പത്തിരിപ്പാല, നെന്മാറ, ഒറ്റപ്പാലം, കോങ്ങാട് എന്നീ കേന്ദ്രങ്ങളിൽനിന്നുള്ള അഭ്യാസികൾ പങ്കെടുത്തു.

ആത്മ പരിശോധനക്കുവേണ്ട ഒരു ചോദ്യാവലി കാസർകോട് നടന്ന ആഘോഷത്തിൽ അഭ്യാസികളോട് പൂരിപ്പിച്ച് നൽകുവാൻ ആവശ്യപ്പെട്ടു. സമൂഹവുമായുള്ള അഭ്യാസികളുടെ ബന്ധം, ജോലിയോടുള്ള സമീപനം, കുടുംബത്തോടുള്ള സമീപനം, ആത്മീയമായ കാര്യങ്ങളോടുള്ള ശ്രദ്ധ എന്നീ കാര്യങ്ങൾ ഈ ആത്മ പരിശോധനയിൽ വിഷയമായി. സദാചാരത്തിന് ലാലാജി നൽകിയ പ്രാധാന്യത്തിനെ ആധാരമാക്കിയാണ് ഈ ചോദ്യാവലി തയ്യാറാക്കിയത്.

കൃതജ്ഞതയും ദൈവീകതയും നിറഞ്ഞ ഒരന്തരീക്ഷം ആഘോഷത്തിലുടനീളം അനുഭവപ്പെട്ടു.

ഉത്തർപ്രദേശിലെ മിർസാപൂർ കേന്ദ്രം ഹർഷോത്സാഹത്തോടെയാണ് ബസന്ത് ഉത്സവം ആഘോഷിച്ചത്. സത്സംഗത്തിനുശേഷം വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ ഉണ്ടായി. ഭക്തിനിർഭരമായ ഗാനങ്ങളും ഉദ്ധരണികളും ആഘോഷത്തിൽ ഉണ്ടായി.

പശ്ചിമ ബംഗാളിലെ കൊൽക്കത്ത, ഗാങ്ടോക്, റാണിഗഞ്ച്, സിലിഗുരി മുതലായ കേന്ദ്രങ്ങൾ അത്യധികം ഉത്സാഹത്തോടും, സന്തോഷത്തോടും കൂടിയാണ് ബസന്ത് ഉത്സവത്തെ വരവേറ്റത്. സത്സംഗത്തിനുശേഷം റാണിഗഞ്ച് കേന്ദ്രത്തിൽ ഒരു ചോദ്യോത്തരവേളയുണ്ടായി. കൽക്കത്തയിലെ അഭ്യാസികൾ "വിസ്പേർസ്"ലെയും,"ഡെയ്ലി റിഫ്ലക്ഷനിലെ"യും സന്ദേശങ്ങൾ വായിച്ച് അതിൽ ധ്യാനിച്ചു. തുടർന്ന് ലാലാജി മഹരാജിന്റെ ജീവിതം എന്ന വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു.

## വിമൺസ് സ്റ്റഡി ഗ്രൂപ്പ്, കൊൽക്കത്ത

സഹജമാർഗത്തിന്റെ വിവിധ വശങ്ങൾ പ്രായോഗിക ജീവിതത്തിൽ എങ്ങനെ ബാധിക്കുമെന്ന വിഷയത്തെ കുറിച്ച് കൊൽക്കത്ത ആശ്രമത്തിലെ യുവതി അഭ്യാസികളുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു. എല്ലാ ആഴ്ചയും ഓരോ വിഷയം തിരഞ്ഞെടുത്ത് എല്ലാവരോടും തങ്ങളുടെ അനുഭവം പങ്കു വെക്കുക എന്നതായിരുന്നു ചർച്ചക്കവലംഭിച്ച രീതി. "എല്ലാവരെയും സഹോദരന്മാരായി കരുതുകയും അവരോട് അപ്രകാരം പെരുമാറുകയും ചെയ്യുക" എന്ന ദശസൂക്തത്തിലെ സൂക്തം ഒരാഴ്ച ചർച്ച ചെയ്തു. പ്രായപൂർത്തിയാവുന്ന കുട്ടികളെകൈകാര്യം ചെയ്യേണ്ട രീതി,നാം അനുവർത്തിക്കുന്ന മൂല്യങ്ങളും പാശ്ചത്യസംസ്കാരത്തിന്റെ സ്വാധീനവും മുതലായ നാം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ഈ ചർച്ചയിൽ ഉയർന്നു വന്നു. മക്കളുടെ നന്മക്കുവേണ്ടി നാം നിർദ്ദേശിക്കുന്ന കാര്യങ്ങൾ അവർ എങ്ങനെ അനുസരിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ, അതുപോലെ തന്നെ മാസ്റ്റർ നമ്മുടെ പുരോഗതിക്കുവേണ്ടി നിർദ്ദേശിക്കുന്ന കാര്യങ്ങൾ നമ്മളും പരിപാലിക്കേണ്ടതാണ് എന്ന് ഒരു ചർച്ചയിൽ പൊന്തിവന്നു. ഡയറി എങ്ങനെ എഴുതണം, അഹങ്കാരത്തെ എങ്ങനെ കൈകാര്യം ചെയ്യണം, സാർവ്വ ലൗകിക പ്രാർഥന, നിരന്തര സ്മരണ മുതലായ വിഷയങ്ങൾ പല ആഴ്ചകളിലായി ചർച്ച ചെയ്തു. ഓരോ വ്യക്തിയോടും അവരുടെ വ്യക്തിപരമായ അഭിപ്രായങ്ങളും പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും തുറന്നു ചർച്ച ചെയ്യുന്നതിന് സഹോദരിമാരെ പ്രേരിപ്പിച്ചു. പച്ചയായ ജീവിത സാഹചര്യങ്ങൾ തുറന്ന ചർച്ചക്കു വഴി വെച്ചപ്പോൾ സഹജമാർഗത്തിന്റെ വിവിധ തലങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാൻ ഈ ഉദ്യമം സഹായിച്ചു. കൂടുതൽ ആത്മവിശ്വാസവും സഹജമാർഗതത്വങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തുന്നതിന് തുറന്ന സമീപനവും വ്യക്തതയും കൈവന്നു എന്ന് അവരുടെ പ്രതികരണത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചു.

## ലാൽപാനിയായിലെ വിനോദയാത്ര

പരസ്പരം ഒത്തു ചേരുന്നതിനും സഹജമാർഗത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി റാഞ്ചിയിലെയും ലാൽപാനിയയിലെയും അഭ്യാസികൾ ഒരു വിനോദയാത്ര സംഘടിപ്പിച്ചു. ലാൽപാനിയ കേന്ദ്രം ആതിഥ്യമരുളിയപ്പോൾ റാഞ്ചികേന്ദ്രത്തിലെ സഹോദരൻ രാമവതാർ സാഹു പരിപാടികൾ ക്രോഡീകരിച്ചു. ഡിസമ്പർ 26-ന് 20 ഓളം അഭ്യാസികൾ ലാൽപാനിയായിലേക്ക് യാത്ര തിരിച്ചു. ലാൽപാനിയായിലെ സ്നേഹനിർഭരമായ ആതിഥേയത്വവും, നിറഞ്ഞ സൂര്യവെളിച്ചവും, ടി.ടി.പി.എസ്. ഗസ്റ്റ് ഹൗസിന്റെ ഹരിതാഭ നിറഞ്ഞ പുൽത്തകിടിയും രംഗം മനോഹരമാക്കി. പ്രകൃതി മനോഹരമായ വെള്ളച്ചാട്ടവും മറ്റും അഭ്യാസികളെ ഉന്മേഷഭരിതരാക്കി. സഹജമാർഗത്തെക്കുറിച്ചുള്ള ചർച്ചകൾ ഉത്സാഹത്തിനു മാറ്റു കൂട്ടി. ഇതിന്റെ ഫലമായി ലാൽപാനിയായിൽനിന്നും 3 പേരും റാഞ്ചിയിൽനിന്നും ഒരു വ്യക്തിയും പരിശീലനം ആരംഭിച്ചു. ഭക്ഷണവും ആതിഥേയത്വവും, സ്നേഹവുമെല്ലാം മാസ്റ്ററുടെ നിശ്ശബ്ദ സേവനത്തിന്റെ പ്രതീകമാണെന്ന് എല്ലാവർക്കും ബോദ്ധ്യമായി. അതാണ് ഇത്തരം സംരംഭങ്ങൾക്ക് വേണ്ട ചേതോവികാരം ഉണർത്തുന്നതെന്ന് സുവ്യക്തമായി.



ശ്രീ രാം ചന്ദ്ര മിഷൻ ®
എക്രോസ് ഇന്ത്യ വാർത്താപത്രിക

## പ്രവേശകർക്കുള്ള പരിശീലന പരിപാടി

ശ്രവണ ദൃശ്യ മാദ്ധ്യമങ്ങൾ വഴി അഭ്യാസികൾക്ക് പരിശീലനം കൊടുക്കാൻ സ്മൃതി രൂപപ്പെടുത്തിയെടുത്ത പരിശീലന സാമഗ്രികൾ അഭ്യാസികൾക്ക് സഹജമാർഗത്തെ കുറിച്ച് വ്യക്തമായ വിവരം നൽകാൻ സഹായിക്കുന്നു. ഓരോ വിഷയത്തെപ്പറ്റിയും മാസ്റ്റർ നൽകിയ വാർത്താശകലങ്ങൾ അഭ്യാസികളുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ഈ പരിശീലന പരിപാടി നടത്തുന്നത് സ്മൃതിയിൽ നിന്നും പരിശീലനം ലഭിച്ച പരിശീലകരാണ്. ഇപ്പോൾ രൂപപ്പെടുത്തിയെടുത്തിട്ടുള്ള ഈ രീതി പരിശീലകർക്ക് കൂടുതൽ സഹായകരമായിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ ആവർത്തിച്ച് ഈ പരിപാടി നടത്താൻ ഇതു സഹായിക്കുന്നു.
ഈ പരിപാടി താഴെ പറയുന്ന കേന്ദ്രങ്ങളിൽ നടത്തി. അതിൽ പങ്കെടുത്ത എല്ലാവരും ഇത് വളരെ ഉപയോഗപ്രദമാണെന്നും, അവരുടെ സാധന വീഴ്ച വരുത്താതെ ചെയ്യാൻ ഇതു സഹായിക്കുന്നു എന്നും അതിനാൽ ഈ പരിശീലന പരിപാടി പല തവണ നടത്തണമെന്നും അഭിപ്രായപ്പെട്ടു.

- റായ്ച്ചൂർ കേന്ദ്രത്തിൽ ഈ പരിശീലന പരിപാടി ഫെബ്രുവരി 7ന് നടത്തി. 32 പേർ പങ്കെടുത്തു.
- ആന്ധ്രാപ്രദേശിലെ നെല്ലൂർ കേന്ദ്രത്തിൽ ഈ പരിപാടി ജനുവരി 10 ന് നടത്തി. ഏകദേശം 28 അഭ്യാസികൾ പങ്കെടുത്തു. അതിൽ പലരും യുവാക്കളായിരുന്നു. അവരുടെ പല സംശയങ്ങളും പരിപാടി കഴിഞ്ഞപ്പോഴേക്കും തീർന്നു എന്ന് അവർ പറഞ്ഞു.
- ആന്ധ്രാപ്രദേശിലെ ചിറ്റൂർ കേന്ദ്രത്തിൽ ജനുവരി 3ന് നടത്തി. 32 പുതിയ അഭ്യാസികൾ പങ്കെടുത്തു.
- തമിഴ്നാട്ടിലെ തേനി കേന്ദ്രത്തിൽ ഈ പരിപാടി നടത്തിയത് ഫെബ്രുവരി 7 ന് ആണ്. രണ്ടു വർഷത്തിനുള്ളിൽ മിഷനിൽ ചേർന്ന 15 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഈ കേന്ദ്രത്തിൽ ഈ പരിപാടി ആദ്യമായിട്ടാണ് നടത്തിയത്. അഭ്യാസികൾക്കെല്ലാം ഈ പരിപാടി വളരെ ഇഷ്ടപ്പെട്ടു.
- കോയമ്പത്തൂരിനടുത്തുള്ള അന്നൂർ കേന്ദ്രത്തിൽ ഈ പരിപാടി നടത്തിയത് ഫെബ്രുവരി 14 നാണ് . ശ്രീ. പഴനി കുമാരനാണ് ഈ പരിപാടി നടത്തിയത്. 20 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഏതാനും മാസങ്ങൾ മുമ്പ് തുടങ്ങിയ ഈ സെൻററിൻെറ വളർച്ചയ്ക്ക് ഈ പരിപാടി സഹായകമായി.


ചിറ്റൂർ


അന്നൂർ


റായ്ച്ചൂർ

## പ്രബന്ധരചനാ മത്സരത്തിൻെറ സർട്ടിഫിക്കെറ്റ് വിതരണം ചെയ്യൽ

ഐക്യ രാഷ്ട്ര സഭയുടെ അന്താരാഷ്ട്ര യുവാക്കളുടെ ദിനത്തോടനുബന്ധിച്ച് (12 ആഗസ്റ്റ് 2009) നടത്തിയ അഖിലേന്ത്യാ പ്രബന്ധ രചനാ മത്സരത്തിൻെറ വിജയികൾക്കായുള്ള സമ്മാനദാനച്ചടങ്ങ് ഫെബ്രുവരി 7-ാം തീയതി വിശാഖപട്ടണത്തിലെ ആശ്രമത്തിൽ വെച്ച് നടത്തുകയുണ്ടായി. 800 കുട്ടികളും അവരുടെ മാതാപിതാക്കളും ഈ യോഗത്തിൽ പങ്കെടുത്തു. ഏറ്റവും മികച്ച രചനകൾ പ്രദർശിപ്പിച്ചതിന് ആന്ധ്ര മെഡിക്കൽ കോളേജിന് ഷീൽഡ് നൽകി. ഏകദേശം 420 സർട്ടിഫിക്കെറ്റ് തദവസരത്തിൽ നൽകി. ചെറുപ്പക്കാരിൽ സ്നേഹം, സാഹോദര്യം, ഐക്യത തുടങ്ങിയവ വളർത്തിയെടുക്കാൻ ശ്രീ രാം ചന്ദ്ര മിഷൻ നടത്തുന്ന ഈ ഉദ്യമത്തെ കുട്ടികളുടെ മാതാപിതാക്കൾ പ്രശംസിച്ചു.
വടക്കൻ ആന്ധ്രാപ്രദേശ് സോണിലെ വിജയികൾക്കായി ഫെബ്രുവരി 7 ന് ഹൈദരാബാദിൽ ഒരു പരിപാടി നടത്തി. കുട്ടികളേയും മാതാപിതാക്കളേയും ഇതിലേക്ക് ക്ഷണിച്ചിരുന്നു. സർട്ടിഫിക്കെറ്റിൻെറ കൂടെ 'എൻെറ ഗുരു'വിൻെറ ചിത്രരൂപേണയുള്ള വിശദീകരണങ്ങളടങ്ങിയ ഒരു പുസ്തകവും വിജയികൾക്ക് സമ്മാനിച്ചു. അതിനുശേഷം ഉണ്ടായ ചർച്ചാവേദിയിൽ ശ്രീ രാം ചന്ദ്ര മിഷൻ മാനവികതക്ക് നൽകുന്നതെന്തെന്നതിനെപ്പറ്റി ഒരു വിശദീകരണം നൽകി. പ്രബന്ധരചനക്കായി നൽകിയ വിഷയങ്ങളെപ്പറ്റി സംസാരിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിച്ചു. തങ്ങളുടെ നിരീക്ഷണത്തിൽ രൂപീകരിച്ച അഭിപ്രായങ്ങൾ യുവാക്കൾ പങ്കുവെച്ചത് കൗതുകകരമായി. സ്നേഹത്താൽ മാത്രമെ ലോകത്തെ നന്നാക്കാനാവു എന്ന് എല്ലാവരും പ്രതികരിച്ചു. മാതാപിതാക്കളും അധ്യാപകരും മിഷൻ ചെയ്യുന്ന ഇത്തരം സേവനത്തെ പ്രകീർത്തിച്ചു.
ഫെബ്രുവരി 2 ന് വിരുതനഗറിലെ ചിന്നവള്ളിക്കുളം ആശ്രമത്തിൽ വെച്ച് ശ്രീ. എ.പി. ദുരൈ (ജോ.സെക്രട്ടറി) സർട്ടിഫിക്കെറ്റുകൾ വിതരണം ചെയ്തു. 43 വിദ്യാർത്ഥികൾ സർട്ടിഫിക്കെറ്റ് സ്വീകരിച്ചു. വൈകുന്നേരം മാതാപിതാക്കൾക്കും മറ്റുമായി ഒരു തുറന്ന സദസ്സ് നടത്തി.
സൂറത്തിൽ മാതാപിതാക്കളെയും ടീച്ചേഴ്സിനെയും ക്ഷണിച്ച് ഒരു അനുമോദന സർട്ടിഫിക്കെറ്റ് നൽകി. ഏകദേശം 45 പേർ ക്ഷണം സ്വീകരിച്ച് വന്നിരുന്നു. ഗുജറാത്ത് റീജിയൻെറ കോ-ഓർഡിനേറ്ററായ വിനയ് ചൗള ലേഖനങ്ങളെപ്പറ്റി വിശദീകരണം നൽകി. മിഷൻെറ വിവിധ പരിപാടികളെക്കുറിച്ച് സൂറത്ത് സെൻറർ ഇൻ ചാർജ് ഡോ. സുരേന്ദ്ര അഗർവാൾ സംസാരിച്ചു. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ശ്രീ രാം ചന്ദ്ര മിഷൻെറ ധ്യാന പരിപാടികൾക്ക് പ്രത്യേക ഊന്നൽ കൊടുത്തിരുന്നു.



ശ്രീ രാം ചന്ദ്ര മിഷൻ ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

ഹാനൂർ



ധാർവാഡ്



ഗാന്ധിഗ്രാം



# മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി

## ഗാന്ധിഗ്രാം, തമിഴ്നാട്

ഗാന്ധിഗ്രാം റൂറൽ യൂണിവേർസിറ്റിയും ഗാന്ധിഗ്രാം ട്രസ്റ്റും ചേർന്ന് ഗാന്ധിഗ്രാമിലെ ലക്ഷ്മി കോളേജിലെ പരിശിലകർക്കും അദ്ധ്യാപകർക്കുമായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി രണ്ടു ദിവസത്തെ ഒരു വിശദീകരണ ക്ലാസ്സ് നടത്തി. ജനുവരി 8,9 തിയതികളിൽ നടത്തിയ ഈ പ്രോഗ്രാമിൽ ഏകദേശം 250 പേർ പങ്കെടുത്തു. ആദ്യത്തെ രണ്ടു ദിവസം മനസ്സ് ക്രമീകരിക്കേണ്ടതിൻേറയും മൂല്യങ്ങളുടേയും സ്വഭാവ രൂപീകരണത്തിൻേറയും സന്തുലിത ജീവിതത്തിൻേറയും ആവശ്യകതയെപ്പറ്റിയും അതിനുള്ള മാർഗത്തെപറ്റിയും സഹോ. സീത സംസാരിച്ചു. അടുത്ത ദിവസം യോഗയെപ്പറ്റിയും സഹജമാർഗത്തെപ്പറ്റിയുമുള്ള പവർപോയൻറ് പ്രസൻേറഷൻ ഉണ്ടായിരുന്നു. ധ്യാനം, ആത്മീയത എന്നിവയുടെ ഉപയോഗത്തെപറ്റിയുള്ള പ്രഭാഷണവും ഉണ്ടായിരുന്നു. ഗാന്ധിഗ്രാം ട്രസ്റ്റിൻെറ കീഴിൽ നടന്നുവരുന്ന അനാഥമന്ദിരത്തിലെ കുട്ടികളുമായുള്ള ഇടപഴകൽ ഈ പരിപാടിയിലെ ഒരു പ്രത്യേകതയായിരുന്നു. മിഷൻെറ പ്രാർത്ഥനയും അതിൻെറ അർത്ഥവും അവർക്ക് പഠിപ്പിച്ചു കൊടുത്തു. വളണ്ടിയർമാർ, സിദ്ധമരുന്നുകൾ ഉൽപാദിപ്പിക്കുന്ന ലക്ഷ്മി സേവാസംഘം സന്ദർശിച്ചു. അവിടത്തെ ജോലിക്കാരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

## ധാർവാഡ്, കർണാടക

ജനുവരി 9–ന് ധാർവാഡിലെ വിദ്യാവർധക ഹാളിൽ ഒരു മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി നടത്തി. ബാലബാലക, ജെ.എസ്.എസ്. എന്നീ സ്കൂളുകളിൽ നിന്നും മറ്റു സ്കൂളുകളിൽ നിന്നുമായി ഏകദേശം 40 അദ്ധ്യാപകർ പങ്കെടുത്തു. രാവിലെ മൂല്യങ്ങളുടെ പ്രാധാന്യങ്ങളെപ്പറ്റിയും അതു കുട്ടികൾക്ക് പഠിപ്പിച്ചുകൊടുക്കേണ്ട രീതിയെപ്പറ്റിയും സഹോ. ആശയും, സഹോ. സരോജയും സംസാരിച്ചു. അതിനുശേഷം മനസ്സിൻെറ ക്രമീകരണത്തെപ്പറ്റിയും ധ്യാനത്തെപ്പറ്റിയും സഹോ.അജിത് കാമത്ത് സംസാരിച്ചു. വൈകുന്നേരം 5 മണി മുതൽ 7 മണി വരെ സഹോ. വരലക്ഷ്മി മാതാപിതാക്കൾക്ക് ഒരു ക്ലാസ്സ് എടുത്തു. ബാലവികാസ് അക്കാദമിയുടെ പ്രസിഡണ്ടായ ശ്രീ ശങ്കർ ഗലഹാട്ടി ഈ പ്രോഗ്രാമിനെ പ്രശംസിച്ചു.

## കൊൽക്കത്ത

ജനുവരി 10–ന് കൊൽക്കത്ത കേന്ദ്രം മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടിയുടെ വളണ്ടിയർമാർക്കായി ഒരു പരിശീലന പരിപാടി നടത്തി. മൂല്യാധിഷ്ഠിത വിദ്യാഭ്യാസംത്തിൻെറ ആശയങ്ങൾ അവതരിപ്പിച്ചു. അത് എപ്രകാരം നടപ്പിലാക്കണമെന്നതായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശ്യം. ഒരാളെഒന്നും പഠിപ്പിക്കാൻ കഴിയില്ലെന്നും നേരെ മറിച്ച് ഓരോ വിദ്യാർത്ഥിയുടേയും ഹൃദയം തുറന്ന് അവനിൽ നിലനിൽക്കുന്ന ശ്രേഷ്ഠമായ കാര്യങ്ങൾ പുറത്തേക്കുകൊണ്ടുവരിക മാത്രമാണ് വിദ്യാഭ്യാസം എന്നും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഊന്നിപ്പറയുന്നു. ആത്മീയമൂല്യങ്ങളെക്കുറിച്ചുള്ള പ്രായോഗിക വിദ്യാഭ്യാസം കുട്ടികളുടെ ജീവിതത്തിലെ വെല്ലുവിളികളെ നേരിടാനുള്ള കരുത്തു വളർത്തിക്കൊണ്ടുവരുന്നു. ഇത്തരം ക്ലാസുകൾ എപ്രകാരമാണ് നടത്തേണ്ടതെന്നതിനെപ്പറ്റിയുള്ള പല പരീക്ഷണങ്ങളും അവിടെ പ്രദർശിപ്പിച്ചു. വളണ്ടിയർമാർ പലരും ഈ ടീമിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചു.

## ഹാനൂർ,കർണ്ണാടക

ജനുവരി 17–ന് ഹാനൂരിൽ അദ്ധ്യാപകർക്കായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെ ആസ്പദമാക്കി ഒരു ശിൽപശാല നടത്തി. 31 സ്കൂളുകളിൽ നിന്നും ഏകദേശം 50 അദ്ധ്യാപകർ പങ്കെടുത്തു. ഇവരിൽ 12 പേർ അഭ്യാസികളായ അദ്ധ്യാപകരായിരുന്നു. സ്വഭാവരൂപീകരണം, ക്ഷമ വളർത്തിയെടുക്കൽ, പ്രർത്ഥനയുടെ പ്രാധാന്യം എന്നിവയായിരുന്നു ചർച്ചാവിഷയങ്ങൾ. രാവിലെ 3 മണിക്കൂറും വൈകുന്നേരം 2 മണിക്കൂറും നീണ്ട ക്ലാസ്സിലാണ് ഇവ ചർച്ച ചെയ്തത്. ഇതിൽ പങ്കെടുത്തവർക്ക് ഇതിനെപ്പറ്റി നല്ല അഭിപ്രായമാണുള്ളത്. ലക്ഷ്യം നേടിയെടുക്കുന്നതിൽ ഇച്ഛാശക്തിയുടെ പ്രാധാന്യം, സമയം കൈകാര്യം ചെയ്യുന്ന വിധം, ഭൗതിക–ആദ്ധ്യാത്മിക ജീവിതം തമ്മിലുള്ള ബന്ധം, മാനവികതയുടെ ഏകീകരണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിദ്യാർത്ഥികൾ അഭിനയിച്ച വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. ഇതിൽ പങ്കെടുത്ത അദ്ധ്യാപകർ, ഇത്തരം പരിപാടികൾ ഇനിയും നടത്തണമെന്നും അങ്ങനെ ചെയ്താൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സ്കൂളുകളിൽ അവതരിപ്പിക്കാൻ കഴിയുമെന്നും അഭിപ്രായപ്പെട്ടു.

# റാഞ്ചിയിൽ യുവജനപരിപാടി

14 മുതൽ 23 വയസ്സു വരെ പ്രായമുള്ള റാഞ്ചിയിലെ ഗുജറാത്തി സ്കൂളിലെ 49 വിദ്യാർത്ഥികൾ ജനുവരി 26–ന് ഇവിടെ വെച്ചു നടത്തിയ യുവജന സെമിനാറിൽ പങ്കെടുത്തു. സഹോ. എ.കെ.ലാൽ മിഷൻെറ പ്രാർത്ഥന ഇവിടെ അവതരിപ്പിച്ച് കുട്ടികളോട് മൗനമായി പ്രാർത്ഥന ചൊല്ലാൻ പറഞ്ഞു. വ്യക്തിത്വത്തെപ്പറ്റിയും സ്വഭാവരൂപീകരണത്തെപ്പറ്റിയും സഹോ. മനോജ് തിവാരി സംസാരിച്ചു. നമ്മിൽ ഉള്ള മറ നീക്കി യഥാർത്ഥ വ്യക്തിയെ അനാച്ഛാദനം ചെയ്യുക എന്നതാണ് ശരിയായ വ്യക്തിത്വവികാസം എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗത്തിലെ സാരാംശം. സഹജമാർഗത്തിലെ പത്തു പ്രമാണങ്ങൾ അനുസരിക്കുകയാണെങ്കിൽ ഈ പ്രയത്നത്തിനതു സഹായകമാകും. പത്തു പ്രമാണങ്ങൾ സഹോ. സുനന്ദ ചൗഹാൻ യുവാക്കൾക്ക് വിവരിച്ചു കൊടുത്തു. അതിനുശേഷം ഇവരെ 7 പേർ അടങ്ങിയ 7 ചെറു സംഘങ്ങളായി തിരിച്ച് 4 മുതൽ 10 വരെയുള്ള പ്രമാണങ്ങളെ പര്യാലോചിക്കാൻ നിർദ്ദേശിച്ചു. ഓരോ സംഘത്തിനും ഒരു നിർദ്ദേശകൻ ഉണ്ടായിരുന്നു. പര്യാലോചനക്കുശേഷം സംഘത്തിലെ ഒരാൾ ആ സംഘത്തിൻെറ അഭിപ്രായം സംസാരിച്ചു. അതിനുശേഷം ഓരോരുത്തരോടും അവരുടെ അഭിപ്രായം പറയുവാൻ ആവശ്യപ്പെട്ടു. പലരും കൂടുതൽ സമയം വേണമെന്നും, ഇത്തരം പരിപാടികൾ ഇനിയും നടത്തണമെന്നും അഭിപ്രായപ്പെട്ടു.



# പ്രകാശ കേന്ദ്രം

## ഇന്തോർ ആശ്രമം









കുറച്ച് അഭ്യാസികളുമായി തുടങ്ങിയ ഇന്തോർ സെന്ററിൽ ഇപ്പോൾ ഏകദേശം സ്ഥിരമായി പരിശീലനം നടത്തുന്ന 650 ഓളം അഭ്യാസികളുണ്ട്. 1986-ൽ ഫൗണ്ടേർസ് ഡേയും 1991-ൽ ബസന്ത് ഉത്സവും 1996-ൽ പൂജ്യ മാസ്റ്ററുടെ ജന്മദിനാഘോഷങ്ങളും നടത്തുവാനുള്ള അവസരം നൽകി പൂജ്യ മാസ്റ്റർ ഈ സെന്ററിലെ അഭ്യാസികളെ അനുഗ്രഹിച്ചു.

പട്ടണത്തിന്റെ ഹൃദയഭാഗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും, ബസ് സ്റ്റേഷനിൽ നിന്നും ഏകദേശം 3.5 കി. മി. അകലെ സ്ഥിതി ചെയ്യുന്ന ഈ ആശ്രമത്തിലേക്ക് വാഹന സൗകര്യം ധാരാളം ലഭ്യമാണ്. 1992 ജൂലൈയിൽ 4050 ച.അടി സ്ഥലം വാങ്ങി. 1993 ആഗസ്റ്റ് 29-ന് മാസ്റ്റർ ആശ്രമത്തിനായി തറക്കല്ലിടുകയും അവിടെ സത്സംഗം നടത്തുകയും ചെയ്തു.

15 മാസം കൊണ്ട് പൂർത്തിയായ ആശ്രമത്തിന്റെ ഉദ്ഘാടനം 1994 ഡിസമ്പർ 20 മുതൽ 24 വരെ ദിവസങ്ങളിൽ നടത്തി. സന്തോഷകരമായ ഈ അവസരത്തിൽ മാസ്റ്ററുടെ സാന്നിദ്ധ്യം അനുഭവിക്കാനും സന്തോഷം പങ്കിടാനുമായി സോണിലെ എല്ലാ സെന്ററിൽ നിന്നുമുള്ള അഭ്യാസികൾ എത്തി ചേർന്നിരുന്നു.

2400 ച.അടി വിസ്തീർണ്ണത്തിൽ കോൺക്രീറ്റിൽ, ഉയർന്ന മേൽക്കൂര ഉള്ള കെട്ടിടത്തിന്റെ 800 ച.അടി ധ്യാനഹാൾ വ്യാപരിക്കുന്നു. അഭ്യാസികളുടെ ആവശ്യങ്ങൾ വേണ്ട വിധം പരിഗണിച്ച് ശ്രദ്ധയോടെ പണി കഴിച്ചതാണ് ആശ്രമം. അടുക്കളയും ഭക്ഷണശാലയും രണ്ടാം നിലയിൽ പ്രവർത്തിക്കുന്നു. ശൗചാലയങ്ങളും ചെറിയ പൂന്തോട്ടവും താഴത്തെ നിലയിലാണ്. ചെറിയ ഓഫീസ് മുറിക്കും, ലൈബ്രറിക്കും, ബുക്ക് ഡിപ്പോക്കും സ്ഥലം കരുതിയിട്ടുണ്ട്.

1990-നും 2002-നുമിടയിൽ പൂജ്യ മാസ്റ്റർ തന്റെ സാന്നിദ്ധ്യം കൊണ്ട് പല തവണ തന്റെ സ്നേഹം ചൊരിഞ്ഞു. സെന്ററിന്റെ വളർച്ച ത്വരിതഗതിയിലാവുകയും ആശ്രമത്തിൽ സ്ഥലപരിമിതി പ്രകടമാവുകയും ചെയ്തു. ഭാഗ്യവശാൽ ആശ്രമത്തിനോടു ചേർന്ന് കിടന്നിരുന്ന 4050 ച.അടി വിസ്തീർണ്ണമുള്ള സ്ഥലം 2004 ഏപ്രിൽ 28-ന് വാങ്ങി. 2007-ൽ പഴയതിന്റെ തുടർച്ചയായി ഒരു പുതിയ ഹാൾ കൂടി പണിയുകയും ചെയ്തു. 2008 ഫെബ്രുവരി 16-18 തിയതികളിൽ നടന്ന അതിന്റെ ഉദ്ഘാടന ചടങ്ങുകളിൽ ഏകദേശം 2000 അഭ്യാസികൾ പങ്കെടുത്തു.



പ്രൗഢവും ശാന്തവുമായ ആശ്രമാന്തരീക്ഷം അഭ്യാസികളുടെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നു. ഞായറാഴ്ചയും ബുധനാഴ്ചയുമുള്ള സത്സംഗങ്ങൾ കൂടാതെ വെള്ളിയാഴ്ച രാവിലെയും സത്സംഗം നടത്തുന്നുണ്ട്. കുട്ടികൾക്കും അഭ്യാസികൾക്കും വേണ്ടിയുള്ള വി.ബി.എസ്.ഇ. പരിപാടികൾ, സോൺ തലത്തിലുള്ള അഭ്യാസി പരിശീലന പരിപാടികൾ, തുറന്ന സദസ്സ്, സാധന ക്രമീകരിക്കുവാനുള്ള പരിപാടികൾ, പഠനകൂട്ടായ്മകൾ, പ്രബന്ധരചനാ മത്സരങ്ങൾ തുടങ്ങിയവ പതിവായി നടത്തുന്നുണ്ട്. മാസ്റ്ററുടെ നിർദ്ദേശാനുസരണം വി.ബി.എസ്.ഇ. പരിപാടികൾക്ക് പ്രാമുഖ്യം നൽകി നടത്തി വരുന്നു. കഴിഞ്ഞ പത്തു വർഷത്തോളമായി വിദ്യാർഥികൾക്ക് വേനൽക്കാല ശിബിരം നടത്തി വരുന്നുണ്ട്.

ഉപസെന്ററുകളിൽ ആവശ്യമായ ഐഡി കാർഡുകൾ, ഭണ്ഡാരകൾക്കായുള്ള രജിസ്ട്രേഷൻ ചെയ്യൽ, മിഷന്റെ പുസ്തകങ്ങൾ വിതരണം ചെയ്യുക തുടങ്ങിയവ നോഡൽ സെന്റർ എന്ന നിലയിൽ ഇവിടെ സജ്ജീകരിച്ചു കൊടുക്കാറുണ്ട്.

തുടക്കക്കാരെന്ന നിലയിൽ, പരിചയക്കുറവുമൂലം, മാസ്റ്റർക്ക് കുറെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാലും, അദ്ദേഹം സന്തോഷപൂർവം ഈ സെന്റർ സന്ദർശിച്ച് ഇതിനെ ഇന്നു കാണുന്ന നിലയിൽ എത്തിച്ചു. അദ്ദേഹം സ്വയം ഇവിടത്തെ കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തി. തന്റെ യാത്രാ പരിപാടികൾക്ക് രൂപം കൊടുക്കൽ, വളണ്ടിയർമാരെ തിരഞ്ഞെടുക്കൽ, ജോലി വീതിച്ചു കൊടുക്കൽ, സമീപ പ്രദേശത്തുള്ള അഭ്യാസികളെ ക്ഷണിക്കൽ, വളണ്ടിയർമാരോടൊത്ത് ജോലി ചെയ്യൽ, അവരോടൊപ്പം ഭക്ഷണം കഴിക്കൽ, സ്വയം താമസ സൗകര്യങ്ങൾ, ഭക്ഷണം, യാത്രാവാഹനങ്ങൾ ഒരുക്കൽ തുടങ്ങിയവയും ചെയ്തിരുന്നു. അഭ്യാസികളെസ്റ്റേജിൽ വിളിച്ചു വരുത്തി സംസാരിക്കാൻ പ്രേരിപ്പിക്കുകയും, അതിനുശേഷം ശരിയായി പ്രഭാഷണം നടത്തുന്നതെങ്ങിനെയെന്ന് വിശദീകരിക്കുകയും ചെയ്തിരുന്നു. തുറന്ന സദസ്സുകൾ അദ്ദേഹം സംഘടിപ്പിച്ചിരുന്നു. പ്രദേശത്തുള്ള പ്രമുഖരുടെ സംശയങ്ങൾ അദ്ദേഹം ദൂരീകരിച്ചിരുന്നു. അദ്ദേഹം 1994-ൽ പ്രിസപ്റ്റേർസിന്റെ സെമിനാർ സംഘടിപ്പിക്കുകയും അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ദിവ്യപ്രകാശം തങ്ങളുടെ ജീവിതത്തിലൂടെ പരത്തുവാനായി ആത്മീയതയുടെ ശരിയായ അന്വേഷകർക്കും, അഭ്യാസികൾക്കും ഈ പ്രകാശകേന്ദ്രം ഒരു ദീപസ്തംഭമായി പരിലസിക്കുന്നു.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2009 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.